## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1568** **12/06/2019-ൽ മറുപടിയ്ക്ക്**

### കൃഷി വകുപ്പിന് കീഴിലുള്ള കമ്പനി/ബോർഡ്/കോർപറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്. | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |

എ) കൃഷി വകുപ്പിന് കീഴിലുള്ള ഓരോ കമ്പനി/ബോർഡ്/കോർപറേഷനിലെയും ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകളുടെ എണ്ണം എത്ര; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അവശേഷിക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

എ) കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകളുടെ എണ്ണം, പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്യുവാനുള്ള ഒഴിവുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

ബി) ഓരോ സ്ഥാപനത്തിലും 31.12.2019 വരെ ലാസ്റ്റ്ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങൾ തിരിച്ചുളള വിശദാംശം ലഭ്യമാക്കുമോ;

ബി) ഓരോ സ്ഥാപനത്തിലും 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ, പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

സി) ഓരോ സ്ഥാപനത്തിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്രപേർ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് എന്നിവിടങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകയിൽ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ആരും ജോലി നോക്കുന്നില്ല.

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ തൃശ്ശൂർ കാര്യാലയത്തിൽ ഒന്ന്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ - 5, കേരള സംസ്ഥാന

നാളികേര വികസന കോർപ്പറേഷനിൽ - 3, KERAFED-ൽ - 1, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ 31 പേർ വീതം ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്.

HORTICORP ൽ നിലവിലുള്ള ദിവസവേതന ജീവനക്കാരിൽ (വർക്കർമാർ) നിന്നും രണ്ടു പേരെ ഹെഡ് ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി നിയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| **ഡി)** കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/കോർപറേഷനുകളിലെയും ലാസ്റ്റ്ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് തയ്യാറാകാത്ത സ്ഥാപന മേധാവികൾക്കെതിരെ കർശനനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | **ഡി)** പ്രതീക്ഷിത ഒഴിവുകളുടെ വിവരം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ വകുപ്പ മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകി വരുന്നുണ്ട്. യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത പരാതിയുണ്ടായാൽ കർശന നടപടിയുണ്ടാകും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിലവിലെ ഒഴിവുകളുടെ എണ്ണം | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇനിയും റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1. | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ | 2 | 2 | - |
| 2. | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 3 | 3 | - |
| 3. | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 2 | 2 | - |
| 4. | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 35 | 1 | 34<br>റബ്ബർ വിലയിലെ ഇടിച്ചിൽ മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി ഡയറക്ടർ ബോർഡിന്റെ തീരുമാനം അനുസരിച്ച് തസ്തികകളുടെയും ജീവനക്കാരുടെയും അംഗീകൃത എണ്ണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| 5. | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള | 2 | 1 | ഒരു ഒഴിവ് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നീക്കി വെച്ചിട്ടുള്ളതാണ്. |
| 6. | വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള | 0 | - | - |
| 7 | കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ | 69 | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സ്റ്റാഫ് റെഗുലേഷൻ 1963 ചാപ്റ്റർ (II) ക്ലോസ് 7(ii) പ്രകാരം കോർപ്പറേഷനിലെ ക്ലാസ് 4 തസ്തികയിലേക്കുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തേണ്ടത്. | |
| 8. | ഹോർട്ടികോർപ്പ് | 14 | കോർപ്പറേഷന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭ്യമായിട്ടില്ല. | |
| 9. | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ | 0 | കോർപ്പറേഷന്റെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടില്ല | |
| 10. | കേരഫെഡ് | 0 | കേരഫെഡിന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭ്യമായിട്ടില്ല. | |
| 11. | വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 0 | കമ്പനിയിൽ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടില്ല | |
| 12. | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 8 | കമ്പനിയുടെ സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭ്യമായിട്ടില്ല. | |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണം | പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത പ്രതീക്ഷിത ഒഴിവുകൾ |
|---|---|---|---|
| 1. | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ | 1 | സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമിക്കുന്നതിനായി നീക്കി വച്ചിരിക്കയാൽ, പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 2. | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 1 | 1 |
| 3. | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 0 | - |
| 4. | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 0 | - |
| 5. | വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള | 0 | - |
| 6. | കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ | 0 | - |
| 7. | ഹോർട്ടികോർപ്പ് | 0 | - |
| 8. | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ | 0 | - |
| 9. | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള | 1 | 1 |
| 10. | കേരഫെഡ് | 0 | കേരഫെഡിന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം ലഭ്യമായിട്ടില്ല. |
| 11. | വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 0 | - |
| 12. | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 0 | - |

സെക്ഷൻ ഓഫീസർ